പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.791 | 30.06.2015- ൽ മറുപടി നല്കേണ്ടത്. |

# ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യ പരിശോധനാ ലാബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ശിവദാസൻനായർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | എല്ലാ ചെക്കുപോസ്റ്റുകളിലുംഭക്ഷ്യ പരിശോധനാ ലാബുകൾ സ്ഥാപി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) | ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് നിലവിൽ ഭക്ഷ്യപരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടില്ല. |
| ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക്പോ സ്റ്റുകളിൽവച്ച് തന്നെ പരിശോധി ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | ബി) | സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ സേവനം ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നതിനായി മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇതിനകം ആരംഭിച്ചിട്ടുണ്ട്. |
| സി) | ഭക്ഷ്യസാധനങ്ങളിൽ ഗുരുതരമാം വിധം വിഷ വസ്തുക്കൾ കലരുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി കൾ വിശദമാക്കുമോ; | സി) | സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടേയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ച് നിശ്ചിത ഗുണനിലവാരമുള്ളതാണോയെന്നും മായം ചേർത്തതാണോയെന്നും പരിശോധി ക്കാറുണ്ട്. നിശ്ചിത ഗുണനിലവാരമുള്ളതോ മായം ചേർത്തതോ ആയി കണ്ടെത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം, വിതരണം, വ്യാപാരം എന്നിവ നടത്തുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമവും അനു ബന്ധചട്ടങ്ങൾ പ്രകാരം പ്രോസിക്യൂഷനും നിരോധനവും അടക്കമുള്ള നടപടി സ്വീകരി ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ